RCS/6376/2021-EB(5)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 19.07.2022

# സർക്കുലർ 33/2022

വിഷയം: സഹകരണ വകുപ്പ്-ജീവനക്കാര്യം-സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺ ലൈൻ (SCORE) മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. സർക്കാരിന്റെ 18.08.2021-ലെ സ.ഉ.(സാധാ) നം. 3113/2021/ പൊ.ഭ.വ. നമ്പർ ഉത്തരവ്.
2. ധനകാര്യ (ഐ.റ്റി.സോഫ്റ്റ് വെയർ) വകുപ്പിന്റെ 08.09.2021 -ലെ 72/2021/ധന നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 30.09.2021-ലെ EB(3) RCS/6376/2021 നമ്പർ ഉത്തരവ്.

.........

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവന കാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺ ലൈൻ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ (ഐ.റ്റി. സോഫ്റ്റ് വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (**www.score.kerala.gov.in**) സമർപ്പിക്കുവാൻ സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതലയുള്ള എസ്റ്റാബ്ലിഷ്മെന്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി) യെ സൂചന (3) പ്രകാരം നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സഹകരണ വകുപ്പിലെ ഉദ്യോഗ സ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺ ലൈൻ മുഖേന സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

2022 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർ സൂചന (1) ഉത്തരവ് പ്രകാരം ഓൺ ലൈൻ ആയി SCORE എന്ന വെബ് സൈറ്റ വഴിയാണ് (**www.score.kerala.gov.in**) കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകേണ്ടത്. 2022 വർഷം മുതൽ SCORE സൈറ്റ് വഴി ഓഫീസർമാർ സബ്മിറ്റ് ചെയ്യുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട്, റിപ്പോർട്ടിംഗ് ഓഫീസർ അസ്സസ് ചെയ്ത്, റിപ്പോർട്ടിംഗ് ഓഫീസറുടെ റിമാർക്ക് സഹിതം ഓൺ ലൈനായി റിവ്യൂവിംഗ് ഓഫീസർക്ക് സബ്മിറ്റ് ചെയ്യുകയും, റിവ്യൂവിംഗ് ഓഫീസർ അംഗീകരിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ട് തിരികെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ച ഉദ്യോഗസ്ഥന്റെ 'Inbox'-ൽ എത്തുകയും, ആ റിപ്പോർട്ട് പ്രസ്തുത ഉദ്യോഗസ്ഥൻ കണ്ട് 'I have read the report' എന്ന് ഓൺ ലൈനായി സർട്ടിഫൈ ചെയ്യുന്നതോടെ നടപടികൾ പൂർത്തിയാകുന്നതാണ്. കൂടാതെ ടിയാളെ കുറിച്ചുള്ള വിലയിരുത്തലിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച അപ്പീലും ഓൺ ലൈനായി തന്നെ സൈറ്റ് വഴി നൽകാവുന്നതാണ്.

2022 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും പ്രസ്തുത റിപ്പോർട്ട് SCORE-ൽ രജിസ്റ്റർ ചെയ്ത് റിപ്പോർട്ടിംഗ് ഓഫീസർക്കും, റിപ്പോർട്ടിംഗ് ഓഫീസർ റിവ്യൂവിംഗ് ഓഫീസർക്കും സമർപ്പിക്കേണ്ടതാണ്.

സഹകരണ വകുപ്പിൽ 2022 വർഷം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട ഉദ്യോഗസ്ഥർ **25.07.2022** ന് മുൻപായി സ്കോർ ഓൺലൈൻ പോർട്ടലിൽ (**www.score.kerala.gov.in**) രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു. സഹകരണ വകുപ്പിന്റെ സ്കോറുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

1. **നോഡൽ ഓഫീസർ** : എസ്.ജയചന്ദ്രൻ , പെൻ നമ്പർ.159366
ഫോൺ നമ്പർ: **9495632216**
2. **ഡിപ്പാർട്ട്മെന്റ് യൂസർ** : സുമ.എസ്, പെൻ നമ്പർ. 810941
ഫോൺ നമ്പർ.**9995807626**

(ഒപ്പ്)
**അലക്സ് വർഗ്ഗീസ് ഐ.എ.എസ്**
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്:**

1. ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർമാർക്കും
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5. എഡിറ്റർ, സഹകരണ വീഥി
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസ്സിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)